**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **30-06-2022 - ൽ മറുപടിയ്ക്ക്**

**പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലി ദിവസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ വർഷങ്ങളായി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലിയും ശമ്പളവും മാസത്തിൽ 15 ദിവസമായി വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടിയെടുക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ദിവസവേതന വാച്ചർമാരുടെ ജോലിയും ശമ്പളവും മാസത്തിൽ 15 ദിവസമായി വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ ഇറക്കിയിട്ടില്ല. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലി മാസത്തിൽ 26 ദിവസമായി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനത്തിൽ നിന്നും പിന്നോട്ട് പോകാനുള്ള സാഹചര്യം എന്താണ് എന്ന് വ്യക്തമാക്കാമോ? | (ബി) | വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ആളുകൾക്ക് മാസത്തിൽ 26 ദിവസം നിർബന്ധമായും ജോലി നൽകണമെന്ന് ഉത്തരവുകൾ ഒന്നും നിലവിലില്ല. വനം വകുപ്പിന് കീഴിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, അടിക്കാട് വെട്ടൽ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ, നഴ്സറി പരിപാലനം എന്നിങ്ങനെയുള്ള സീസണൽ പ്രവൃത്തികൾക്കായി ജോലിയുടെ ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ദിവസവേതന പ്രൊട്ടക്ഷൻ വാച്ചർമാർക്ക് മാസത്തിൽ നിശ്ചിത ദിവസത്തേയ്ക്ക് ജോലി നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ